# പാതിരാമണൽ പദ്ധതി എതിർപ്പു നേരിടുന്നു

വേമ്പനാട്ടുകായലിലെ പാതിരാമണൽത്തുരുത്ത് ടൂറിസ്റ്റ് റിസോർട്ടുകൾ നിർമ്മിക്കാൻ പാട്ടത്തിനു കൊടുക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരെ പ്രതിഷേധമുയരുന്നു. തദ്ദേശവാസികളും വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകളും പ്രകൃതി സ്നേഹികളുടെയും പരിസ്ഥിതി സംരക്ഷകരുടെയും സംയുക്താഭിമുഖ്യത്തിൽ പാതിരാമണൽത്തുരുത്ത് സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

കേരള ടൂറിസം ഡെവലപ്മെന്റ് കോർപറേഷന്റെ സഹോദര സ്ഥാപനമായ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് എന്ന സർക്കാർ സ്ഥാപനവും ഒബ്റോയ് ഗ്രൂപ്പും ചേർന്നു രൂപം കൊടുത്തിട്ടുള്ള ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് (OKHRL)എന്ന സ്ഥാപനത്തിനാണ് പാതിരാ മണൽത്തുരുത്ത് പാട്ടത്തിനു കൊടുക്കാൻ തീരുമാനമായിട്ടുള്ളത്. ആദ്യം 30 വർഷമാണ് പാട്ടത്തിന്റെ കാലാവധി. പിന്നീട് ഇരു കൂട്ടരും ഇഷ്ടപ്പെടുന്നപക്ഷം 30 വർഷം കൂടെ നീട്ടാനും വ്യവസ്ഥയുണ്ട്.

ഗ്രീൻ ഗാർഡ്സിന്റെ ആഭിമുഖ്യത്തിൽ, പാതിരാ മണൽ തുരുത്തു സംരക്ഷണം ചർച്ചചെയ്യാൻ, ഏകദേശം അമ്പതോളം സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്ത ഒരു യോഗം ആഗസ്റ്റ് 3-ാം വാരം ചേരുകയുണ്ടായി.